(ഇ) കേരളത്തിലെ ശരാശരി ജല ലഭ്യത മഴ മൂലം ശരാശരി 3000 മില്ലി ലിറ്റർ ആണ്. ഗ്രാമീണ ജനതയ്ക്ക് ഒരാൾക്ക് ഒരുദിവസം ശരാശരി 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് ഒരാൾക്ക് ഒരു ദിവസം ശരാശരി 70-150 ലിറ്റർ എന്ന തോതിലും ജലം ലഭ്യമാക്കാനാണ് വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. പക്ഷേ ഈ തോതിൽ എല്ലാ പദ്ധതികളിലും ജലവിതരണം നടത്തുവാൻ സാധിക്കുന്നില്ല. ജലവിനിയോഗം കുറ്റമറ്റതാക്കാൻ വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ ലീക്കുകൾ കണ്ടുപിടിച്ച് യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുവാനായി തിരുവനന്തപുരത്ത് ജലവിതരണ പദ്ധതിക്കുവേണ്ടി സ്കാഡുകൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ മീറ്ററിംഗ് സമ്പ്രദായം കർശനമാക്കുകയും ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ ജലം ദുർവിനിയോഗം ചെയ്യാതിരിക്കാൻ വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(എഫ്) 1958-ൽ കേരളത്തിന്റെ ജലസമ്പത്തിനെക്കുറിച്ച് ഒരു പ്രാഥമിക പഠനം കേന്ദ്ര സർക്കാർ സ്ഥാപനമായ വാട്ടർ ആന്റ് പവർ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുകയും 'മാസ്റ്റർ പ്ലാൻ' എന്ന പേരിൽ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ നമ്മുടെ വികസനപരമായ വിവിധ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കേണ്ട വെള്ളത്തിന്റെ ഒരു സംക്ഷിപ്ത രൂപവും ഉൾപ്പെടുത്തിയിരുന്നു. 1974-ൽ വിശദമായ പഠന റിപ്പോർട്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകുറ്റങ്ങൾ നിർമ്മാർജ്ജനം ചെയ്ത് ശാസ്ത്രീയമായ രീതിയിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. മേപ്പടി റിപ്പോർട്ടിൽ നദികളുടെ നീളം, ഒഴുകുന്ന വെള്ളത്തിന്റെ അളവ്, നീർമ്മതി പ്രദേശത്തിന്റെ വിസ്തീർണ്ണം, മൊത്തം നീരൊഴുക്ക്, കൃഷിയിടങ്ങളിൽ ജലസേചനം ഏർപ്പെടുത്താനുള്ള സാദ്ധ്യത, ഉൾനാടൻ ജലഗതാഗതം, വെള്ളപ്പൊക്ക നിവാരണം, ഉപ്പുവെള്ളം കയറുന്നത് തടയൽ എന്നിവ പഠന വിധേയമാക്കി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനുശേഷം സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിൽ പഠനം നടന്നുവരുന്നു.

ഗ്രാമീണ മേഖലയിൽ വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പുതിയ പദ്ധതികൾ

31 [5995] ശ്രീ. ടി. കെ. ദേവകുമാർ:
,, മഞ്ഞളാംകുഴി അലി:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളങ്ങൾ, അരുവികൾ, ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ എന്നിവ ജലസേചനത്തിന് ഉപയോഗയോഗ്യമാക്കുന്നതിനും ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയതോടുകൾ, ക്രോസ്സ് ബാറുകൾ എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഉപയോഗശൂന്യമായ പൊതുകിണറുകളും, തോടുകളും, പുഴകളും നികത്തുന്നത് തടയുന്നതിനും ഉപയോഗശൂന്യമായ കുളങ്ങളും തോടുകളും പുഴയോരങ്ങളും മണ്ണിട്ട് നികത്തുന്നതും വീട് വയ്ക്കുന്നതും തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ വി. സി. ബി.-കളുടേയും ചെക്ക്ഡാമുകളുടേയും നിർമ്മാണം ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ വിഹിതപ്രകാരം വാട്ടർ അതോറിറ്റി 15 തടയണകളും 7 സോഴ്സ് ഇംപ്രൂവ്മെന്റ് പദ്ധതികളുടേയും നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതികൾക്ക് ആകെ 158.96 ലക്ഷം രൂപ വാട്ടർ അതോറിറ്റി ചെലവഴിച്ചു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

32 [5996] ശ്രീ. കെ. സി. വേണുഗോപാൽ:
,, എ. സുജനപാൽ:
,, എ. കെ. മണി:
,, പി. ടി. തോമസ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ഏജൻസിയുടെ ഘടന വിശദീകരിക്കുമോ;

(സി) ഈ ഏജൻസി നാളിതുവരെ എത്ര പദ്ധതികളുടെ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഈ പദ്ധതികളുടെ പണി പൂർത്തിയായോ;

(ഇ) ഇവയ്ക്കുവേണ്ടി ഇന്നേവരെ എന്തു തുക ചെലവാക്കി;

(എഫ്) ഇവയുടെ പൂർത്തീകരണത്തിന് ഇനി എന്തു തുകകൂടി ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ജി) ഈ പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിക്കും; ഈ പദ്ധതികൾക്കുവേണ്ടി ലോക ബാങ്ക് എന്തു തുക ചെലവഴിച്ചു;

(എച്ച്) ഈ തുകയുടെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം;

(ഐ) ഈ പദ്ധതിക്ക് ആവശ്യമായിവരുന്ന അറ്റകുറ്റപ്പണികളും മറ്റും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly